ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, കഴിഞ്ഞ ആഴ്ചയിൽ പഞ്ചായത്ത് പ്രസിഡന്റ് അടക്കമുള്ള ജനപ്രതിനിധികളെ വിളിച്ചിരുന്നു. കോർപ്പറേഷന്റെ അധികൃതരുമുണ്ടായിരുന്നു. അവിടെ വച്ച് കാര്യങ്ങൾ സംസാരിച്ചിട്ടുണ്ട്. അക്കാര്യത്തിൽ നല്ല രീതിയിൽ തീരുമാനമെടുത്ത് മുന്നോട്ട് പോവുകയാണ്.

10 AM]

(2) ദേശീയപാതാ വികസനം

ശ്രീ. സി. കെ. പി. പത്മനാഭൻ: സർ, കേരളത്തിൽ ദേശീയപാതയുടെ നിർമ്മാണവും നവീകരണവുമായും ബന്ധപ്പെട്ടുകൊണ്ട് പല സന്ദർഭങ്ങളിലായി സംസ്ഥാന ഭരണാധികാരികൾ കേന്ദ്ര ഗവൺമെന്റുമായി ചർച്ച നടത്തിയെന്ന് വാർത്തയുണ്ട്. വാർത്തയല്ലാതെ വിഷയങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. കേരളത്തിൽ 1513 കിലോ മീറ്റർ ദേശീയ പാത വിവിധ പാതകളായി കണ്ടെത്തിയിട്ടുണ്ടെന്നാണ് കാണാൻ സാധിക്കുന്നത്. ഏഴ് മേഖലകളായിട്ടാണ് ഈ റോഡുകൾ നിലനിൽക്കുന്നുത്. നിലവിലുള്ള നിയമം അനുസരിച്ച് ഓരോ വർഷവും റോഡുകൾ നവീകരിക്കുന്നതിനുവേണ്ടി 20 ശതമാനം തുക കേന്ദ്ര ഗവൺമെന്റ് തരണമെന്നാണ്. അത് പ്രകാരം 302 കിലോമീറ്റർ റോഡ് ഓരോ വർഷവും റിപ്പയർ ചെയ്യേണ്ടതുണ്ട്. നിലവിലുള്ള നിയമം അനുസരിച്ച് 1513 കോടി രൂപയാണ് തരേണ്ടത്. പക്ഷേ 2005-ൽ 15 കോടി രൂപയും 2006-ൽ 32 കോടി രൂപയും 2007-ൽ 85 കോടി രൂപയും 2008-ൽ 71 കോടി രൂപയും 2009-ൽ 74 കോടി രൂപയുമായി ആകെ 257 കോടിരൂപയാണ് തന്നത്. 5026 കോടി രൂപ കിട്ടേണ്ട സ്ഥാനത്ത് 257 കോടി രൂപ മാത്രമാണ് കേന്ദ്ര ഗവൺമെന്റ് തന്നത്. കേന്ദ്ര ഗവൺമെന്റ് ഈ സംസ്ഥാനത്തോട് കാണിക്കുന്ന ക്രൂരമായ അവഗണനയായി ഇതിനെ കാണാൻ സാധിക്കും. കേരളം ഗ്രാമ-നഗര വ്യത്യാസമില്ലാതെ വികസിച്ചുകൊണ്ടിരിക്കുകയാണ്. ഇതു കൊണ്ടുതന്നെ കേരളത്തിലെ റോഡുകളുടെ വികസനം വളരെ അത്യാവശ്യമായി മാറിക്കഴിഞ്ഞു. പത്ത് മീറ്റർപോലും വീതിയില്ലാത്ത ദേശീയപാത സ്ഥലമുണ്ട്. കഴിഞ്ഞ ദിവസം ഞാൻ തന്നെ ഇവിടെ സൂചിപ്പിച്ചു. എന്നെപ്പറ്റി ഇവിടെ പറഞ്ഞു, എന്റെ മണ്ഡലത്തിൽ തന്നെയുള്ള 30 കിലോ മീറ്ററിൽ ഈ 10 മീറ്റർ പോലുമില്ലാത്ത സ്ഥലത്ത് ഒരിഞ്ച് സ്ഥലം ഇന്നുവരെ എടുക്കാത്തതിന്റെ ഭാഗമായി 5 സ്വകാര്യ വ്യക്തികളോട് സമ്മതം വാങ്ങി, അവർ ആ സ്ഥലം വെറുതെ വിട്ടുതന്നതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾതന്നെ മുൻകൈയെടുത്ത് പുനരുദ്ധരിച്ചതിന്റെ ഫലമായിട്ടാണ് ഇപ്പോൾ ആ പാതയിൽക്കൂടി വാഹനങ്ങൾ പോയിക്കൊണ്ടിരിക്കുന്നത്. നാല് വരി പോയിട്ട് രണ്ട് വരിപോലും കേരളത്തിൽ ഇപ്പോൾ ഒരിടത്തുമില്ലാത്ത അവസ്ഥയാണ്. ആദ്യം സർവ്വകക്ഷിയോഗത്തിൽ നാഷണൽ ഹൈവേ 30 മീറ്റർ ആക്കാനായിരുന്നു നിർദ്ദേശം. പിന്നീട് കേന്ദ്രം 60 മീറ്റർ പറഞ്ഞപ്പോൾ സംസ്ഥാനം 45 മീറ്ററാക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും ഇത് എങ്ങനെ നടപ്പിലാക്കും? ഉദാഹരണത്തിന് എൻ.എച്ച്.-മായി ബന്ധപ്പെട്ട വിവിധ ആഫീസുകളിൽ ജനങ്ങൾ പോകുന്ന സന്ദർഭത്തിൽ വ്യത്യസ്ത രൂപത്തിലുള്ള അലെയ്ൻമെന്റ് നിർദ്ദേശങ്ങളാണ് കൊടുക്കുന്നത്. ഇങ്ങനെ കിട്ടിയ രേഖകൾ വച്ചിട്ട് ജനങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും തർക്കത്തിലും

LIBRARY ARCHIVES Kerala Legislative Assembly

വിവിധ രീതിയിലുള്ള ആക്ഷൻ കമ്മിറ്റികൾ ഉണ്ടാവുകയുമാണ്. ഇപ്പോൾ കണ്ണൂർ ജില്ലയുമായി ബന്ധപ്പെട്ട് നാല് ആക്ഷൻ കമ്മിറ്റികൾ വന്നിട്ടുണ്ട്. ഈ നാല് ആക്ഷൻ കമ്മിറ്റിക്കാർക്കും നാല് നിർദ്ദേശങ്ങളാണ് ഉള്ളത്. ഈ നാല് നിർദ്ദേശങ്ങളും എൻഎച്ച് അധികൃതർ കൊടുത്തതാണ്. അപ്പോൾ ഏത് വഴിയാണ് റോഡുവരുന്നതെന്ന കാര്യം പോലും ഇതുവരെ നിർണ്ണയം നടത്താൻ കഴിഞ്ഞിട്ടില്ല. ജനങ്ങളെ ഒഴിപ്പിക്കേണ്ടിവരുമെന്ന കാര്യം ഉറപ്പാണ്. പക്ഷേ ഒഴിപ്പിക്കൽ എത്രത്തോളം കുറയ്ക്കാം എന്നതിനെക്കുറിച്ച് ഇപ്പോൾതന്നെ തീരുമാനിച്ച് അന്തിമമായി പറയുന്നില്ലെങ്കിലും ജനങ്ങൾ തമ്മിൽ ചേരിതിരിഞ്ഞ് വെറുതെ വഴക്കുണ്ടാക്കുന്ന അവസ്ഥയിലേയ്ക്ക് പോവുകയാണ്. നഷ്ടപരിഹാരത്തെക്കുറിച്ച് പറയുകയാണെങ്കിൽ മതിയായ നഷ്ടപരിഹാരം എന്ന വാചകം തന്നെ കേരളത്തിലെ ഇന്നത്തെ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്.. കടകൾ ഒഴിപ്പിക്കുന്ന ആളുകളുടെ കാര്യം പ്രധാനപ്പെട്ട വിഷയമാണ്. കടകൾ ഒഴിയുന്ന സന്ദർഭത്തിൽ പാതയോരത്ത് തന്നെ ഷോപ്പിംഗ് മാളുകൾ പണിത് അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയാണ് വേണ്ടത്. അങ്ങനെ വരുമ്പോൾ ഈ ഫണ്ട് എവിടെ നിന്ന് കണ്ടെത്തുമെന്ന കാര്യം ഇപ്പോൾ ചർച്ച ചെയ്തിട്ടുണ്ട്. അതിനിപ്പോൾ പല നിർദ്ദേശങ്ങളും വന്നിട്ടുണ്ട്. ഇത്തരം മാളുകൾ പണിയുന്നതിനു വേണ്ടിയുള്ള ഗവൺമെന്റ് സഹായം തദ്ദേശസ്ഥാപനങ്ങൾക്കുതന്നെ കൊടുത്തു കഴിഞ്ഞാൽ അവർ സ്ഥലം അക്വയർ ചെയ്യുകയും, നിശ്ചയമായിട്ടും കട ഒഴിഞ്ഞുപോകുന്നവരുടെ വിഷയം പരിഹരിക്കാനും സാധിക്കും. ഇതുപോലെ തന്നെ വീട് ഒഴിയുന്നവരെ സംബന്ധിച്ച് പറയുകയാണെങ്കിൽ എവിടെയെങ്കിലും ഒഴിഞ്ഞുപോകാൻവേണ്ടി ആർക്കും താല്പര്യമില്ല. കാരണം അവരുടെ പല സൗകര്യങ്ങളും നിശ്ചയിച്ചാണ് ദേശീയ പാതയോരത്ത് വീട് നിർമ്മിച്ചത്. അത് പാരമ്പര്യമായി കിട്ടിയതല്ല പലതും കൈമാറ്റത്തിലൂടെ വന്നതാണ്. അപ്പോൾ അവർക്ക് അവിടെ തന്നെ താമസം ഉറപ്പിക്കാൻ പറ്റാവുന്ന രൂപത്തിൽ വീട് നിർമ്മിക്കാൻ ആവശ്യമായ സ്ഥലങ്ങൾ വേണ്ടിവരും. ഇതിൽ തർക്കങ്ങൾ വരാൻപോകുന്നത് ക്ഷേത്രങ്ങളാണ്. ക്ഷേത്രങ്ങളുടെ കാര്യത്തിൽ ഇന്ന് ഇന്ത്യയിൽ തന്നെ പല സ്ഥലത്തും അതേ രൂപത്തിൽ മാറ്റി സ്ഥാപിച്ചുകൊടുത്ത് വിശ്വാസത്തെ തകർക്കാത്ത രൂപത്തിലുള്ള നിലപാട് സ്വീകരിക്കാൻ കഴിയും. ഇതുപോലെ തന്നെയാണ് സ്കൂൾ കെട്ടിടങ്ങളുടെ കാര്യവും. ഈ നാല് വരി പാത വരാൻവേണ്ടി വർഷങ്ങൾ എടുക്കും എന്ന കാര്യം ഉറപ്പാണ് ബൈപ്പാസിന്റെ കാര്യത്തിൽ അടിയന്തര പരിഹാരം കണ്ടെത്തുകയാണ് വേണ്ടത്. ഉദാഹരണത്തിന് കണ്ണൂർ ജില്ലയിൽ മൂന്ന് ബൈപ്പാസ്സുകളുണ്ട്. അതിൽ സ്റ്റേറ്റ് പ്രഖ്യാപിച്ച ബൈപ്പാസ്സുകളുണ്ട്. അതിൽ ഒന്നുപോലും ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കണ്ണൂർ ടൗണിന്റെ നിലവിലുള്ള തർക്കം തീർക്കാൻവേണ്ടി ദേശീയപാതയുടെ വീതി വർദ്ധിപ്പിക്കാൻവേണ്ടിയുള്ള സഹായം ചോദിച്ചിട്ടുണ്ട്. ഇതും കേന്ദ്രം തരാൻ വേണ്ടി തയ്യാറാവുന്നില്ല. ദേശീയ പാത അതോറിറ്റിയുണ്ട്. അവർ ഒരു കാര്യവും കേരളത്തിനുവേണ്ടി ചെയ്യുന്നില്ലെന്ന് കാണാൻ കഴിയും. മറ്റ് സ്റ്റേറ്റുകൾക്ക് കൊടുക്കുന്ന ധനസഹായം പോലും കൊടുക്കാൻവേണ്ടി തയ്യാറാകുന്നില്ല. കേരളത്തിന്റെ ഭൂമി വിലയുടെ കാര്യത്തിൽ ഇന്ന് സംസ്ഥാന സർക്കാർ നിശ്ചയിച്ച ഭൂമി വില തന്നെ വമ്പിച്ച വിലയാണെന്ന് കാണാൻ കഴിയും. അതിന്റെ പത്തിരട്ടിക്കാണ് ക്രയവിക്രയം നടക്കുന്നത്. അപ്പോൾ നഷ്ടപരിഹാര

LIBRARY ARCHIVES Kerala Legislative Assembly

തുക വർദ്ധിപ്പിച്ചുകൊണ്ട് അടിയന്തരമായും കേരളത്തിന്റെ പാക്കേജ് അംഗീകരിക്കാൻ കേന്ദ്രം തയ്യാറാകണം. കേന്ദ്രം ഇതുവരെ തരാതിരുന്ന പണം അടിയന്തരമായി നമുക്ക് തന്നു കഴിഞ്ഞാൽ ഇന്നത്തെ ദേശീയപാതയുടെ വീതി കൂട്ടിയെടുക്കാനും ഇലക്ട്രിക് പോസ്റ്റുകൾ മുഴുവൻ മാറ്റിസ്ഥാപിക്കാനും കഴിയുമെന്ന് അനുഭവംകൊണ്ട് ഞാൻ പറയുകയാണ്. കേരളത്തിന് കഴിഞ്ഞ കാലത്ത് തരേണ്ട 1500-ൽപ്പരം കോടി രൂപ തന്നുകഴിഞ്ഞാൽ ജനങ്ങൾക്കിടയിലുള്ള ഈ അനിശ്ചിതത്വം അവസാനിപ്പിക്കാൻ കഴിയുമോയെന്നുള്ളതാണ് എന്റെ ചോദ്യം?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, കേരളത്തിന്റെ ഏറ്റവും വലിയ ഒരു വികസനമാണ് ശ്രീ. സി. കെ.പി.പത്മനാഭൻ ഇവിടെ സഭയിൽ ഉന്നയിച്ച ദേശീയ പാതയെ സംബന്ധിച്ചുള്ളത്. ഇത് ഇവിടെ ഉന്നയിച്ച അംഗം ശ്രീ. സി. കെ. പി. പത്മനാഭനെ ഞാൻ അതുകൊണ്ടുതന്നെ പ്രത്യേകം അഭിനന്ദിക്കുന്നു. കേരളത്തിൽ എൻ.എച്ച്. 17-ഉം എൻ.എച്ച്. 47-ഉം ഉൾപ്പെടെ 9 ദേശീയ പാതകളാണുള്ളത്. എൻ.എച്ച് 220-ന് ഈ വർഷം അനുമതി ലഭിച്ചതേയുള്ളു. ഇവയുടെ ആകെ നീളം 1442 കിലോമീറ്ററാണ്. ഇതിൽ എൻ.എച്ച്-47 421 കിലോമീറ്ററാണ്. നിലവിലുള്ള ദേശീയപാത മാനദണ്ഡമനുസരിച്ച് 5 വർഷത്തിലൊരിക്കൽ പാത റീ-സർഫസിംഗ് നടത്തണം. അത് കേന്ദ്രത്തിന്റെ നിർദ്ദേശമാണ്. നിലവിലെ നിബന്ധനപ്രകാരം ഒരു കിലോമീറ്റർ റീ-സർഫസിംഗ് നടത്തുന്നതിന് 50 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. അപ്രകാരം നമ്മുടെ സംസ്ഥാനത്തിന് ഓരോ വർഷവും 302 കിലോമീറ്റർ റീ-സർഫസിംഗ് ചെയ്യുന്നതിന് 153.60 കോടി രൂപ ലഭിക്കേണ്ടതുണ്ട്. എന്നാൽ 2005-2006 മുതൽ 2009-2010 വരെ ഇപ്രകാരം ലഭിക്കേണ്ട മുഴുവൻ തുകയും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. പ്രസ്തുത ഇനത്തിൽ കഴിഞ്ഞ 5 വർഷമായി 496.9 കോടി രൂപയുടെ കുറവ് കേന്ദ്ര ധനസഹായത്തിലുണ്ടായിട്ടുണ്ട്. കേന്ദ്രത്തിന്റെ ഇത്തരം നിരുത്തരവാദപരമായ നടപടിമൂലമാണ് കേരളത്തിലെ ദേശീയപാതകൾ ഈ രൂപത്തിൽ തകരാനിടയായത്. കുടിശ്ശിക തുക മുഴുവൻ നൽകണമെന്ന് ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല വകുപ്പുമന്ത്രിയോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും നടത്തിയ അഭ്യർത്ഥനയുടെ ഫലമായി അല്പം പുരോഗതി ഉണ്ടായിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പുതിയ നയമനുസരിച്ച് കേരളത്തിലെ ദേശീയപാതകളായ എൻ.എച്ച്.17-ഉം എൻഎച്ച്47-ഉം ബിടെടിഅടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിന് തീരുമാനിക്കുകയും ഈ രണ്ട് റോഡുകളും നാഷണൽ ഹൈവേ അതോറിറ്റിക്ക് വിട്ടുകൊടുത്തിരിക്കുകയുമാണ്. പ്രസ്തുത പാതകളുടെ വീതി 60 മീറ്ററിൽ നിന്ന് 45 മീറ്ററായി കുറയ്ക്കുന്നതിന് കേരളത്തിന് കഴിഞ്ഞു. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്ഥലപരിമിതിയുള്ള കേരളത്തിന്റെ ഏറ്റവും വലിയ പ്രശ്നം പാത വികസിപ്പിക്കുന്നതിനുള്ള ഭൂമിയുടെ ലഭ്യതക്കുറവാണ്. ഇത് തരണം ചെയ്യുന്നതിന് സ്ഥലമെടുപ്പുമൂലം ഒഴിപ്പിക്കപ്പെടുന്നവർക്ക് ഒരു കുടുംബത്തിലെ ഒരാൾക്ക് ജോലി ലഭിക്കുന്നതിനും പുനരധിവാസം ഉറപ്പാക്കുന്നതിനും ഒരു പാക്കേജ് തയ്യാറാക്കി സർവ്വകക്ഷിയോഗത്തിന്റെ അംഗീകാരത്തോടെ കേന്ദ്ര സർക്കാരിന് സമർപ്പിച്ചുവെങ്കിലും പുനരധിവാസ പാക്കേജ് കേന്ദ്ര സർക്കാർ ഇതുവരെ അംഗീകരിച്ചിട്ടില്ല. ആദ്യഭാഗം മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിച്ചിട്ടുള്ളു. കേന്ദ്രത്തിന്റെ മറ്റ് പല പദ്ധതികളിലും പുനരധിവാസ പാക്കേജ് ഉൾപ്പെടുത്തിയിട്ടുമുണ്ട്. എങ്കിലും ഇക്കാര്യത്തിൽ അനുകൂലമായ സമീപനം കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടില്ല. കേരള സർക്കാർ ഭൂമി ഏറ്റെടുക്കുന്ന സംഗതിയിൽ എടുത്തിട്ടുള്ള നയപ്രകാരം ഭൂമി നഷ്ടപ്പെടുന്നവരെ പൊതു ആവശ്യത്തിനുവേണ്ടി ത്യാഗം സഹിക്കുന്നവരായിട്ടാണ് കാണുന്നത്. അതു കൊണ്ട് ഇവർക്ക് അർഹമായ നഷ്ടപരിഹാരത്തുകയിൽ എത്രത്തോളം തുക പുനരധിവാസത്തിന് ഉൾപ്പെടുത്തുവാൻ കഴിയുമെന്ന് പരിശോധിക്കുന്നതിനും കേരളത്തിന്റെ സവിശേഷമായ പ്രത്യേക സാഹചര്യം പരിഗണിച്ച് ഒരു പ്രത്യേക പാക്കേജായി കേന്ദ്ര സർക്കാരിനെക്കൊണ്ട് അനുവദിപ്പിക്കാൻ കഴിയുമോയെന്നുകൂടി പരിശോധിക്കുന്നതിനും അപ്രകാരം സാധിക്കാത്ത സാഹചര്യത്തിൽ പുനരധിവാസ ചെലവ് കേരള സർക്കാർ തന്നെ വഹിക്കുന്നതിനുമാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഇത്തരത്തിൽ പ്രശ്നം പരിഹരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഒരു കാരണവശാലും നമുക്ക് ദേശീയപാത നഷ്ടപ്പെടുകൂടാ. അത് നടപ്പിലാക്കുക തന്നെ ചെയ്യും.

<u>ശ്രീ. സി. കെ. പി. പത്മനാഭൻ</u>: സർ, ഒരു ഭാഗംകൂടി അങ്ങ് വ്യക്തമാക്കിയാൽ കുറേ അനിശ്ചിതത്വം തീരും. കാരണം ഇന്ന് ഒരു തരത്തിലും മുന്നോട്ടു നീങ്ങുവാൻ കഴിയുന്നില്ല. കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ച ഫണ്ടുപയോഗിച്ചുകൊണ്ട് ഇന്നത്തെ ദേശീയ പാതയുടെ കയ്യിലുള്ള സ്ഥലവും സംഭാവനയായി കിട്ടുന്ന സ്ഥവും ഉപയോഗപ്പെടുത്തിക്കൊണ്ട് ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുകയും അതുപോലെ പരിപൂർണ്ണമായി ടാർ ചെയ്ത് കൊടുക്കുകയും ചെയ്തുകഴിഞ്ഞാൽ കുറേ വിഷയം പരിഹരിക്കാനാകും. ഇത് വരാൻ ഏകദേശം പത്ത് കൊല്ലമെടുക്കും. അത്രയും സഹിക്കുവാൻ കേരളത്തിന് സാധിക്കുകയില്ല. അത്തരത്തിലുള്ള ഒരു അടിയന്തര പാക്കേജ് കേരളത്തിന് ഉണ്ടാക്കുവാൻ കഴിയുമോ?

<u>ശ്രീ. എം. വിജയകുമാർ</u>: ഇത് കേന്ദ്ര ഗവൺമെന്റിന്റെ ബാധ്യതയാണ്. ചുമതലയാണ്. അതുകൊണ്ട് അത് നിർവ്വഹിക്കണം. പുതിയ പദ്ധതി പ്രാവർത്തികമാകുന്നതുവരെ ഇതിന്റെ ചുമതല കേന്ദ്ര ഗവൺമെന്റിനാണെന്ന നിലയിലാണ് ഇപ്പോൾ സമീപനമെടുത്തിട്ടുള്ളത്. എന്നാൽ റോഡുകൾ തകർന്നുകിടക്കുന്ന അവസ്ഥ ഒരിക്കലും ഉണ്ടായിക്കൂടാ. അതിനുള്ള ബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നിർവ്വഹിക്കും.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബൈപ്പാസുകളൊക്കെ അങ്ങനെ തന്നെയാണോ ?

<u>ശ്രീ. എം. വിജയകുമാർ</u>: അതെ.

LIBRARY ARCHIVES Kerala Legislative Assembly